**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 821** **06-12-2022 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പെൻഷൻ തുക വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്ഷേമ പെൻഷൻകാരുടെ പെൻഷൻ തുക ഗുണഭോക്താവിന് വീട്ടിലെത്തിച്ച് നൽകാൻ സഹകരണ സംഘങ്ങളെ ചുമതലപ്പെടുത്തിയത് എന്ന് മുതലാണെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാരിന്റെ 15.08.2016 ലെ G.O(Ms) No.324/2016/Fin നമ്പർ ഉത്തരവ് പ്രകാരമാണ് സംസ്ഥാനത്തെ ക്ഷേമ പെൻഷൻകാരുടെ പെൻഷൻ തുക ഗുണഭോക്താവിന് വീട്ടിലെത്തിച്ച് നൽകാൻ സംഘങ്ങളെ ചുമതലപ്പെടുത്തിയത്. |
| (ബി) | ഇവയുടെ വിതരണത്തിനായി ചുമതലപ്പെടുത്തുന്ന സഹകരണ ബാങ്ക് ഉദ്യോഗസ്ഥർക്ക് ഇൻസെന്റീവ് നൽകുന്നുണ്ടോ; എത്ര തുകയാണ് ഇൻസെന്റീവ് ആയി നൽകുന്നത് എന്ന് അറിയിക്കുമോ; | (ബി) | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തുന്ന സഹകരണ ബാങ്ക് ഉദ്യോഗസ്ഥർക്ക് ഇൻസെന്റീവ് നൽകുന്നുണ്ട്.സർക്കാരിന്റെ 30.08.2016 ലെ GO (Rt) No.7153/2016/Fin നമ്പർ ഉത്തരവ് പ്രകാരം ഒരു ബാങ്ക്/സൊസൈറ്റിയ്ക്ക് ഒരു പെൻഷന് 50/- രൂപയാണ് നിശ്ചയിച്ച് നൽകിയിട്ടുള്ളത്.ആയതിൽ നിന്നും 40/- രൂപയാണ് പെൻഷൻ വിതരണം നടത്തുന്ന സഹകരണ ബാങ്ക് ഉദ്യോഗസ്ഥർക്ക് നൽകുന്നത്. |
| (സി) | പ്രസ്തുത ഇൻസെന്റീവ് വിതരണത്തിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണെന്നും എത്ര മാസത്തെ കുടിശ്ശികയാണുള്ളതെന്നും ഇപ്രകാരം കുടിശ്ശിക വരാനുണ്ടായ കരണമെന്തെന്നും വ്യക്തമാക്കുമോ; | (സി) | 2021 നവംബർ മാസം മുതൽ 2022 സെപ്റ്റംബർ മാസം വരെയുള്ള ഇൻസെന്റീവ് കുടിശ്ശികയാണ്. നിലവിൽ കുടിശ്ശികയുള്ള ഇൻസെന്റീവ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു . |
| (ഡി) | ഇത്തരത്തിൽ എത്ര രൂപയാണ് കുടിശ്ശിക ഇനത്തിൽ നൽകേണ്ടത്; ഇത് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | 2021 നവംബർ മാസം മുതൽ 2022 സെപ്റ്റംബർ മാസം വരെയുള്ള ഇൻസെന്റീവ് കുടിശ്ശികയാണ്. നിലവിൽ കുടിശ്ശികയുള്ള ഇൻസെന്റീവ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ